മൂലമായതിനാൽ അതിന് നഷ്ടപരിഹാരം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആലോചിച്ച് കൊടുക്കും. മൂന്നാർ ഫോറസ്റ്റ് ഡിവിഷനിലെ മറയൂർ റെയ്ഞ്ചിൽ കാട്ടാന വന്നിട്ട് 2-3-2000-ന് കാന്തല്ലൂർ ദന്തക്കൊമ്പ് എന്ന സ്ഥലത്ത് ചെറിയ കുളത്തിൽ രണ്ട് കാട്ടാനകൾ വീഴുകയുണ്ടായി. വനം വകുപ്പ് ഉദ്യോഗ സ്ഥൻമാരുടെയും സമീപവാസികളുടേയും സഹായത്തോടുകൂടി മൂന്നാർ ഡി. എഫ്.ഒ ഈ ആനകളെ കുളത്തിൽ നിന്നും രക്ഷിച്ചു. പമ്പാമല ചവലക്കാടുക ളിലേയ്ക്ക് കയറ്റിവിടുകയും ചെയ്തു. എന്നാൽ ഈ കാട്ടാനകൾ അടുത്ത രാത്രി തിരിച്ചുവരികയും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരും സമീപവാസികളും ചേർന്ന് വീണ്ടും അടുത്ത കാട്ടിലേയ്ക്ക് അതിനെ കയറ്റിവിടുകയും ചെയ്തു. കഴിഞ്ഞ മാർച്ച് 16-ാം തീയതി ഈ ആനകളെ വീണ്ടും കാന്തല്ലൂരിൽ നിന്നും 15 കിലോമീറ്റർ അകലെയുള്ള ഉൾക്കാടിലേയ്ക്ക് തെളിച്ചുവിട്ടുവെങ്കിലും അവ വീണ്ടും ആ വഴിക്ക് വന്ന് കൃഷി നാശം ഉണ്ടാക്കി. അതൊരു സ്ഥിരം പതിവാ യിരിക്കുകയാണ്. ഇത് ബഹുമാന്യനായ വനം വകുപ്പുമന്ത്രിയുമായിട്ട് ആലോ ചിച്ച് വനം വകുപ്പുദ്യോഗസ്ഥന്മാർ ഇതിൽ വളരെയേറെ താല്പര്യപൂർവ്വം നട പടി സ്വീകരിച്ചിട്ടുണ്ട്. ഈ ആനകളെ തെളിച്ച് കാട്ടിലേയ്ക്ക് കയറ്റുന്ന കാര്യ ത്തിലും ഇനി ആനകളെ മയക്കുവെടിവച്ച് പിടികൂടാനുള്ള സാദ്ധ്യതകളെക്കു റിച്ചും വിദഗ്ദ്ധരുമായിട്ടും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുമായിട്ടും ആലോചി ക്കുന്നുണ്ട്. ഇന്ന് കാലത്ത് ബഹുമാന്യനായ ഫോറസ്റ്റ് മിനിസ്റ്ററുമായി ആലോ ചിച്ച് കാട്ടാനയുടെ ശല്യം കൊണ്ടുണ്ടായിട്ടുള്ള കൃഷി നാശത്തിന് നഷ്ടപരി ഹാരം നൽകുന്നതിനുള്ള നടപടി വനം വകുപ്പിൽ നിന്നും അടിയന്തിരമായി സ്വീകരിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ ശർക്കരയുടെ കാര്യം, അത് ഏറ്റവും നല്ല ശർക്കരയാണ്. അവരുണ്ടാക്കുന്ന മറയൂർ ശർക്കര വളരെ സ്വാദിഷ്ടമാണ്, ഏറ്റവും നല്ല കരിമ്പു കൃഷിക്കാർ അവിടെയാണുള്ളത്. ചിറ്റൂരുമുണ്ട്. അതു കൊണ്ട് മറയൂർ ശർക്കര പായസമുണ്ടാക്കുന്നതിനും അതുപോലെ അപ്പമു ണ്ടാക്കുന്നതിനും ഒക്കെവളരെ പ്രധാനപ്പെട്ടതാണ്.

മി. സ്പീക്കർ : അതിന് സ്വാദുണ്ടോയെന്ന് സഭയ്ക്കറിയില്ല.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഞാൻ ബഹുമാനപ്പെട്ട അംഗ ത്തോട് തന്നെ പറയുന്നുണ്ട്. തിങ്കളാഴ്ച സഭ സമ്മേളിക്കുമ്പോൾ മറയൂർ ശർക്കരയുടെ സ്വാദ് അങ്ങേയ്ക്കും സഭാംഗങ്ങൾക്കും രുചിക്കാൻ വേണ്ടി കുറച്ചു കൊണ്ടുവരാൻ. ദേവസ്വത്തിന്റെ ചുമതലവഹിക്കുന്ന വനം വകുപ്പു മന്ത്രിയുമായിട്ട് ശർക്കരയുടെ പ്രശ്നം ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിലെ മൂന്ന് ദേവസ്വങ്ങളിലുള്ള ക്ഷേത്രങ്ങളിൽ ഈ ശർക്കര എടുപ്പിക്കുന്നതിനാവ ശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. ഗുരുവായൂർ, കൊച്ചി ദേവസ്വ ങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഈ ശർക്കര ഉപയോഗിക്കുന്നതിന് പരമാ വധി ശ്രമിക്കും.

(11) കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലേയും മേത്തല, ഏറിയാട് എന്നീ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, കൊടുങ്ങല്ലൂർ പട്ടണപ്രദേശത്തും മേത്തല, ഏറിയാട് എന്നീ പഞ്ചായത്തുകളിലും അനുഭവപ്പെടുന്ന അതിരൂക്ഷ മായ കുടിവെള്ളക്ഷാമത്തിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട ജലസേചനവ കുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. കഴിഞ്ഞ 25 ദിവസങ്ങൾക്കുള്ളിൽ നാല് തവണ പൈപ്പ് പൊട്ടിത്തകർന്നതുമൂലം കൊടുങ്ങല്ലൂർ നഗരസഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഏറിയാട്, മേത്തല എന്നീ പ്രദേശങ്ങളിലെ ശുദ്ധജലവിതരണം മുടങ്ങിയിരിക്കുകയായിരുന്നു. വൈന്തലയിൽനിന്നും പുല്ലൂട്ട് വാട്ടർ ടാങ്കിലേയ്ക്കുള്ള 13.5 കിലോമീറ്റർ ദൂരത്തിലേയ്ക്കുള്ള കുഴലുകളാണ് തുടർച്ചയായി പൊട്ടുന്നത്. 18 ലക്ഷം ലിറ്റർ വെള്ളം കൊള്ളുന്ന ഈ ടാങ്കിലേയ്ക്ക് 24 മണിക്കൂറും പമ്പിംഗ് നടത്തിയാലേ ജനങ്ങളുടെ മിതമായ ആവശ്യത്തിനുള്ള വെള്ളം ലഭിക്കൂ. കുടിവെള്ളത്തിനായി വാട്ടർ ടാപ്പുകളെ മാത്രം ആശ്രയിക്കുന്ന ഏറിയാട്, അഴിക്കോട്, മേത്തല, കൊടുങ്ങല്ലൂർ നഗരസഭ എന്നീ പ്രദേശങ്ങളിലെ ശുദ്ധജലവിതരണം തകരാറിലാകുന്നു. പ്രശ്നങ്ങൾ എന്തു തന്നെയായാലും അത് പരിഹരിച്ച് കുടിവെള്ളക്ഷാമത്തിന് സത്വരനടപടികൾ സ്വീകരിക്കുവാനാവശ്യമായ നിർദ്ദേശം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, എൽ.ഐ.സി സഹായത്തോടെ 251.66 ലക്ഷം രൂപ മതിപ്പുചെലവിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിക്കും മേത്തല പഞ്ചായത്തിനും 1985-ൽ കമ്മീഷൻ ചെയ്ത പദ്ധതിയാണ് ഇപ്പോൾ അവിടെ നിലവിലുള്ളത്. 385 പൊതു ടാപ്പുകളും 386 ഗാർഹിക കണക്ഷനുകളും 22 ഗാർഹികേതര കണക്ഷനുകളുമുള്ള ഈ പദ്ധതി ഏകദേശം 76000 ത്തോളം ജനങ്ങൾക്ക് പ്രയോജനപ്പെടുമെന്നാണ് കണക്കു കൂട്ടിയിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ പമ്പിംഗ് മെയിൻ 3 പ്രാവശ്യം പൊട്ടിയതിനാൽ ശുദ്ധജലവിതരണം തടസ്സപ്പെട്ടു. അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിയെങ്കിലും ഉരുളിക്കുന്ന് പ്രദേശത്ത് റോഡ് മണ്ണിട്ട് ഉയർത്തിയതിനാലും ഫെബ്രുവരി 26-ാം തീയതി രാത്രി അപ്രതീക്ഷിതമായി മഴ പെയ്തതിനാലും അറ്റകുറ്റപ്പണികൾക്ക് ഫെബ്രുവരി 27-ാം തീയതിവരെ സമയം വേണ്ടിവന്നു. അന്നുതന്നെ പമ്പിംഗ് പുനഃസ്ഥാപിച്ചു. എന്നാൽ മറ്റു രണ്ടു സ്ഥലങ്ങളിലും തൊട്ടടുത്ത ദിവസം തന്നെ അറ്റകുറ്റപ്പണി തീർക്കാനും പമ്പിംഗ് പുനഃസ്ഥാപിക്കാനും കഴിഞ്ഞു. പമ്പിംഗ് മെയിനിലെ വാൽവുകളും എയർ വാൽവുകളും അഴിച്ച് റിപ്പെയർ ചെയ്ത് ഇപ്പോൾ പൈപ്പുലൈൻ സ്റ്റബിലൈസ് ചെയ്തിട്ടുണ്ട്. വൈദ്യുതി സപ്ലൈ ലൈനിന്റെ വോൾട്ടേജ് പ്രശ്നം പലപ്പോഴും പമ്പിംഗിനെ സാരമായി ബാധിച്ചിട്ടുണ്ട്. ജനുവരി മുതൽ ജൂൺ വരെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, മേത്തല, ഏറിയാട് എന്നീ ഭാഗങ്ങളിൽ വാൽവ് ഓപ്പറേഷൻ നടത്തി ഇടവിട്ട ദിവസങ്ങളിലാണ് ഇപ്പോൾ ശുദ്ധജലവിതരണം നടത്തിവരുന്നത്. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി 3 പുതിയ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്ന്, അഴീക്കോട്, എടവിലങ്ങ് വില്ലേജുകൾക്കുള്ള പദ്ധതി. ഏകദേശം 4 കോടി രൂപയാണ് അതിന് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. രണ്ട്, ഏറിയാട് സെൻസസ് ടൗണിനു വേണ്ടിയുള്ള ഒരു പദ്ധതി. അതിന് 5 കോടി 71 ലക്ഷം രൂപ ചെലവാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. മേത്തല സെൻസസ് ടൗണിനുവേണ്ടിയുള്ള പദ്ധതി. അതിന് 9 കോടി 93 ലക്ഷം രൂപ ചെലവാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ 3 പദ്ധതികൾ അടിയന്തിരമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly